# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4825 22.03.2018-ൽ മറുപടിക്ക്

## സ്വർണ്ണ പണയ വായ്പാ തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര സഹകരണ സംഘങ്ങളിൽ സ്വർണ്ണ പണയ വായ്പാ തട്ടിപ്പ് നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ; ഏറ്റവും കൂടുതൽ തട്ടിപ്പ് നടന്നിട്ടുള്ളത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ 35 പ്രാഥമിക സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയ വായ്പ തട്ടിപ്പ് നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ കാസർഗോഡ് ജില്ലയിലാണ് ഏറ്റവും കൂടുതൽ തട്ടിപ്പ് നടന്നിട്ടുള്ളത്. |
| (ബി) | സ്വർണ്ണപണയ വായ്പാ തട്ടിപ്പ് നടത്തിയ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും ഇതിൽ എത്ര പേരെ ശിക്ഷിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | സ്വർണ്ണപ്പണയ വായ്പ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 41 ജീവനക്കാർക്കെതിരെ കേസെടുത്തിട്ടുണ്ട്. കേസന്വേഷണം പൂർത്തിയാകാത്തതിനാൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ 22/2016 സർക്കുലർ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനു പുറമേ വായ്പേതര സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും വായ്പാ സംഘങ്ങളുടെ സ്വർണ്ണപ്പണയ പരിശോധന നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. എന്നാൽ വീണ്ടും സഹകരണ ബാങ്കുകളിൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നു വരുന്നതായി |

| | | | |
|---|---|---|---|
| | | | ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് തടയാൻ സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും ത്തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പു വരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റിയെ രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്വം ടി കമ്മിറ്റിയ്ക്കും സംഘത്തിലെ ഭരണസമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**